കൂടാതെ മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും പലിശരഹിത ഡെപ്പോസിറ്റായി ഒരു ലക്ഷം രൂപ വാങ്ങിക്കുവാൻ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(എഫ്) മെറിറ്റ് സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് 60,000 രൂപയ്ക്ക് താഴെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 18,000 രൂപയായി നിശ്ചയിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

സ്വാശ്രയ പ്രൊഫഷണൽ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം സംബന്ധിച്ച സുപ്രീം കോടതി വിധി

142 [5124] ശ്രീ. കെ. പി. രാജേന്ദ്രൻ:
„ ബിനോയ് വിശ്വം:
„ മാങ്കോട് രാധാകൃഷ്ണൻ:
„ എൻ. രാജൻ:
„ എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ വിദ്യാർത്ഥി പ്രവേശനം, ഫീസ്, സംവരണം തുടങ്ങിയവ സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ സംസ്ഥാന ഗവൺമെന്റ് സുപ്രീംകോടതിയിൽ നൽകിയ അപ്പീലിൽ ഉണ്ടായ വിധി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസിൽ ഇടക്കാല ഉത്തരവുണ്ടായിട്ടുണ്ടോ;

(സി) ഈ വിധികളുടെയും ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സുപ്രീംകോടതി ഈ കേസിൽ അന്തിമവിധി പ്രഖ്യാപിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സീറ്റുകൾ

143 [5125] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചർ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് ഇപ്പോൾ എത്ര സീറ്റു വീതം ഉണ്ട്; അതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര സീറ്റു വീതം ഉണ്ട്;

(ബി) അഖിലേന്ത്യാ പ്രവേശന പരീക്ഷയിൽ പാസ്സാകുന്ന വിദ്യാർത്ഥികൾക്കും മറ്റുള്ളവർക്കുമുള്ള സ്പെഷ്യൽ റിസർവേഷൻ കഴിഞ്ഞുള്ള സീറ്റിന്റെ വിഹിതമാണോ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രവേശന പരീക്ഷയോടനുബന്ധിച്ചുള്ള 2-5-1966-ലെ ജി.ഒ.(പി)208/66/ഇഡിഎൻ. എന്ന സർക്കാർ ഉത്തരവ് ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly